# ചെറുശലഭങ്ങൾ

ഡിജിറ്റൽ മാഗസിൻ

little KITEs 2019-2020

## ക്രിസ്തുരാജ് ഹയർസെക്കന്ററി സ്കൂൾ
## കൊല്ലം



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION



# LITTLE KITES

little KITEs

2019-20







ഈ വല്ലിയിൽ നിന്നു ചെമ്മെ-പൂക്കൾ

പോവുന്നിതാ പറന്നമ്മേ!

തെറ്റീ! നിനക്കുണ്ണി ചൊല്ലാം-നൽപ്പൂ-

മ്പാറ്റകളല്ലേയിതെല്ലാം.....

മഹാകവികുമാരനാശാൻ

കുട്ടിയും തള്ളയും

# എഡിറ്റോറിയൽ

വിവരസാങ്കേതിക വിദ്യയിൽ പുത്തനറിവിൻെറ വിസ്മയങ്ങൾ അനുനിമിഷം സംഭവിച്ചുകൊണ്ടിരിക്കുകയാണ്.പരിധികളില്ലാത്ത സാദ്ധ്യതകളാണ് നമുക്കു മുന്നിലുള്ളത്.വിരൽത്തുമ്പിൽ തുറക്കപ്പെടുന്ന അറിവിൻെറ അനന്തസാധ്യതകളിൽ കമ്പ്യൂട്ടർ ഉറ്റതോഴനും ചിലപ്പോൾ ഗുരുവുമായി മാറുന്നു.വിദ്യയാകുന്ന ചിറകുകൾക്ക് സാങ്കേതിക വിദ്യയുടെ വർണ്ണങ്ങൾ ചാർത്തി ,ഞങ്ങൾ പുഷ്പരസത്തിൻെറ മാധുര്യം നുകരുമ്പോൾ കാലത്തിനൊപ്പം അറിവിൻെറ ലോകത്തേക്ക് ഞങ്ങൾ ശലഭങ്ങളായ് പാറിപറക്കുമ്പോൾ കാഴ്ചകൾ സുന്ദരമാകുന്ന ദിനങ്ങൾ ഞങ്ങൾ കിനാവ് കാണുമ്പോൾ ..........

ഈ 'ചെറുശലഭങ്ങൾ' ഞങ്ങളുടെ ചിറകിന് ബലമേകും, മാധുര്യമേകും,കിനാവുകൾ യാഥാർത്ഥ്യമാകും.

.........................!

ജോർജ്ജ് പി.ജെ.

LITTLE KITES

# ***Behind the scenes***

***Staff editors****:Leema.K,*
*Imelda Peters.C*

***Student editor****:George .P.J*

***Editorial members :*** *Sreerag, Sreehari, Mohammed N,Jiyas,Al-Ameen,Karthik J.M, Suraj*

***Photography****:Johann*

***Layout****:Amal Dev*

***Designing****:Farzeen*

# Our Headmaster




**Sri. ROYSTON**

ഡിജിറ്റൽ ലോകത്ത് പറന്നുകൊണ്ടിരിക്കുന്ന  ലിറ്റിൽ കൈറ്റുകളുടെ ഈ വർഷത്തെ സംരംഭമായ 'ചെറുശലഭങ്ങൾ' എന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സസ്നേഹം

റോയിസ്ററൻ

(Hon.H.M)

# Our  Deputy Headmistress



**Smt.SHIRLEY MANUEL**

വിശാലമായ സാങ്കേതി വിദ്യയുടെ ആകാശത്തിലേക്ക് പാറിപറന്നു നടക്കുവാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

സസ്നേഹം,

ഷേർളി മാന്വൽ

# IT officials of our school

**SITC**



Smt. Judith Latha

**JSITC**



Smt. Sonia Mary

EDUTECH Co-ordinator



Smt.Latha Rani



Little kitemistress LEEMA K



Little kitemistress IMELDA PETERS C

# ലിറ്റിൽ കൈറ്റ്സ് 2019- 20






















PRAKASH




AMEEN














GEORGE
PJ







# ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട് 2019-2020

ക്രിസ്തുരാജ് ഹയർ സെക്കൻററി സ്കൂളിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആരംഭിച്ച ഐ.സി.ടി. കൂട്ടായ്മയാണ് ലിറ്റിൽകൈറ്റ്സ് . അധ്യാപകർക്കൊപ്പം വിവര നിർമിതിയിലും വിജ്ഞാന സമ്പാദനത്തിലും വിദ്യാർത്ഥികളും പങ്കാളികളാകുന്നു. സാങ്കേതിക പരിജ്ഞാനം വളർത്തുക ഹൈടെക് പ്രവർത്തനങ്ങളിലും മറ്റ് കുട്ടികൾക്കും പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ സ്കൂൾ തലത്തിൽ ഈ ഐ.സി.ടി. കൂട്ടായ്മ സജീവമായി പ്രവർത്തിച്ചും വരുന്നു. 2018-19 അദ്ധ്യയന വർഷം എട്ടാം ക്ലാസ്സിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളിൽ അഭിരുചി പരീക്ഷ നടത്തി. 2019-21 അദ്ധ്യായന വർഷത്തേക്ക് 38 കുട്ടികളെ തെരഞ്ഞെടുത്തു. അവധിക്കാല പരിശീലനം ലഭിച്ച ശ്രീമതി എമിൽഡ പീറ്റേഴ്സ്, ശ്രീമതി ലീമ. ഇ.എന്നിവർ കൈറ്റ്സ് മിസ്ട്രസ്സുമാരായി പ്രവർത്തിച്ചു വരുന്നു.

2019 ജൂൺ മാസം ഇരുപത്തിരണ്ടാം തീയതി ലിറ്റിൽ കൈറ്റ്സ് സ്കൂൾ തല ഉദ്ഘാടനം ഹെഡ്മാസ്റ്റർ ശ്രീ റോയ്സ്റ്റൻ, ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് ഷേർളി മാനുവൽ, പി.റ്റി.എ. പ്രസിഡന്റ് ശ്രീ.സന്തോഷ്.കെ.ബി, എസ്.ഐ ടി.സി ശ്രീമതി

ജൂഡിത്ത് ലത എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ലിറ്റിൽ കൈറ്റ്സ് ലീഡർമാരായി സുന്ദര ശിവ ശ്രീരാഗ്, ജോർജ് പി. ജെ എന്നിവരെ തെരഞ്ഞെടുത്തു.
ഏകദിന ശില്പശാല നടത്തി.ഓണാഘോഷം സാധരണ രീതിയിൽ നിന്ന് വ്യത്യസ്തമായിരുന്നു. ഡിജിറ്റൽ പൂക്കളം മത്സരത്തിന് കൈറ്റ് കേരള വേദിയൊരുക്കി. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ സ്കൂൾ തല ഡിജിറ്റൽ പൂക്കള മത്സരം സെപ്റ്റംബർ രണ്ടാം തീയതി നടത്തി. കുട്ടികൾക്ക് ഡിജിറ്റൽ പൂക്കള മത്സരം നവ്യാനുഭവമായി.കാർത്തിക് ജെ.എം, അമൽദേവ്.ജെ എന്നിവർ വളരെ മനോഹരമായി പൂക്കളങ്ങൾ തീർത്തു.

സെപ്റ്റംബർ മുപ്പതാം തീയതി കൊല്ലം ജില്ലയിലെ എല്ലാ സ്കൂളുകളിലും സൂം കോൺഫറൻസ് നടത്തി.ജില്ലാ ഐ.ടി കോഡിനേറ്റർ ശ്രീ കണ്ണൻ ഷൺമുഖൻ എല്ലാ സ്കൂൾ ലിറ്റിൽ കൈറ്റ്സ് കുട്ടികളെയും വീഡിയോ കോൺഫെറെൻസിലൂടെ അഭിസംബോധന ചെയ്തു.

ഒക്ടോബർ നാലാം തീയതി സ്കൂൾ തല ക്യാമ്പ് നടത്തി. സ്കൂൾ എസ്.ഐ.ടി.സി ശ്രീമതി ജൂഡിത് ലത ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ ശ്രീമതി ഷേർളി മാനുവൽ ആശംസകൾ അറിയിച്ചു .കൈറ്റ് മിസ്ട്രസ് ശ്രീമതി ലീമ.ഇ ഉച്ചവരെ സെക്ഷൻ നയിച്ചു.ഓപ്പൺഷോർട്ട് വീഡിയോ എഡിറ്റർ സങ്കേതം ഉപയോഗിച്ചു ചിത്രങ്ങളും വീഡിയോകളും ചേർത്ത് വെച്ച് വിന്യസിപ്പിക്കുന്ന രീതി മനസ്സിലാക്കി നൽകി. കുട്ടികൾ സ്കൂൾ ജൈവവൈവിധ്യ

ഉദ്യാനത്തിന്റെ ചിത്രങ്ങളും വീഡിയോകളും ശബ്ദമിശ്രണത്തോടെ ഭംഗിയായി നിർമിച്ചു. ഉച്ചഭക്ഷണമായി എല്ലാവർക്കും ബിരിയാണി നൽകി.

ഉച്ചക്ക് ശേഷം ശ്രീമതി എമിൽഡ പീറ്റേഴ്സ് ക്ലാസ് നയിച്ചു. സ്ക്രാച്ച് സാങ്കേതിക വിദ്യ ഉപയോഗിച്ച് പൂമ്പാറ്റ പൂവിൽ വന്ന് തേൻ നുകരുന്ന വീഡിയോ പ്രോഗ്രാമിങ് കുട്ടികൾക്ക് അറിവും ആസ്വാദനവും പ്രധാനം ചെയ്തു.

"ന്യൂജെൻ അമ്മമാർക്ക് സ്വാഗതം" എന്ന് പറഞ്ഞ് കൊണ്ട് ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഇരുപത്തിയാറാം തീയതി," സ്മാർട്ട് അമ്മ" എന്ന പരിപാടി നടത്തി. ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് നൂറോളം അമ്മമാർ പരിശീലനത്തിൽ പങ്കെടുത്തു. അൽ-അമീൻ വിക്ടേഴ്സ് ചാനൽ പരിചയപ്പെടുത്തി,ജോഹാൻ സമേതം അവതരിപ്പിച്ചു.സുന്ദര ശിവ ശ്രീരാഗ് ക്യൂ.ആർ കോഡ് സ്കാനിങ്ങിനെക്കുറിച്ചും മുഹമ്മദ്.എൻ സമഗ്രയെ കുറിച്ചും ക്ലാസ്സുകൾ നയിച്ചു.

കൊല്ലം ഉപജില്ല ക്യാമ്പിന് ഈ വർഷം ക്രിസ്തുരാജ് സ്കൂൾ വേദിയായി.നവംബർ 30,ഡിസംബർ 1 തീയതികളിലായി ക്യാമ്പ് നടന്നു.കൊല്ലം ഉപജില്ലയിലെ എട്ട് സ്കൂളുകളിൽ നിന്നായി നാൽപ്പത് കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. പ്രോഗ്രാമിങ്, ആനിമേഷൻ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായി ക്യാമ്പ് ആരംഭിച്ചു.നവംബർ മുപ്പതാം തീയതി രാവിലെ 9:30 ന് പി.ടി.എ പ്രസിഡന്റ് ശ്രീ സന്തോഷ് കെ.ബി.ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് ശ്രീ ഷേർളിമാനുവൽ,ജോയിന്റ് എസ്.ഐ.ടി.സി. ശ്രീമതി സോണിയ മേരി എന്നിവർ ആശംസകളർപ്പിച്ചു.ക്യാമ്പിന്റെ

പൊതുസെഷനായ ജിക്ക്സോ പസിൽ,ക്വിസ് എന്നിവ നടത്തി.പിന്നീട് രണ്ട് ബാച്ചുകളാക്കി മാറ്റി.പ്രോഗ്രാമിംഗ് സെഷൻ ആർ.പി.മാരായി ശ്രീമതി സീന.എം, ശ്രീമതി ലീമ.ഇ എന്നിവർ ക്ലാസുകൾ നയിച്ചു. ചന്ദ്രയാൻ ഗെയിം പ്രോഗ്രാമിങ്ങിൽ നിർമ്മിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കി.എല്ലാ കുട്ടികളും മികച്ച രീതിയിൽ പ്രോഗ്രാമിങ് സ്വായത്തമാക്കി. ആനിമേഷൻ ക്ലാസുകൾ ശ്രീമതി എമിൽഡ പീറ്റേഴ്സ്, സിസ്റ്റർ രാക്കിണി ജോസ്ഫൈൻ എന്നിവർ നയിച്ചു.കുട്ടികൾക്ക് ആനിമേഷനിലൂടെ ജീവൻ നൽകുന്നതിന് കുട്ടികളോരോരുത്തരേയും വ്യാപ്തരായി. മികച്ച രീതിയിൽ തന്നെ ആനിമേഷൻ കഥകൾ കുട്ടികൾ പൂർത്തിയാക്കി. രണ്ടു ദിവസങ്ങളിലും കുട്ടികൾക്ക് ഉച്ചഭക്ഷണവും ചായയും പലഹാരങ്ങളും നൽകി. രണ്ടാം ദിവസം വൈകുന്നേരം എല്ലാ അംഗങ്ങളും ചേർന്ന് ഫോട്ടോ എടുത്ത് സന്തോഷത്തോടെ യാത്ര പറഞ്ഞു.ഡിസംബർ ഇരുപതാം തീയതി ഈ അധ്യയന വർഷം എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് ഏകദിന പ്രാഥമിക ക്യാമ്പ് നടത്തി.എം.ഐ.ടി ആപ്പ് ഇൻവെന്റർ പരിശീലിപ്പിച്ചു. ശ്രീമതി എമിൽഡ പീറ്റേഴ്സ്, സിസ്റ്റർ രാക്കിണി ജോസ് ഫൈൻ എന്നിവർ ആർ.പി മാരായി ക്ലാസ്സുകൾ നയിച്ചു.

ഇവയ്ക്കെല്ലാം പുറമെ ലിറ്റിൽ കൈറ്റ്സ് പരിശീലന പരിപാടി എല്ലാ ബുധനാഴ്ചയും വൈകുന്നേരങ്ങളിൽ 3:30 മുതൽ 4:30 വരെ നടന്നു വരുന്നു. ഗ്രാഫിക്സ് , ആനിമേഷൻ, പ്രോഗ്രാമിങ്, മലയാളം കോമ്പ്യൂട്ടിങ് , സ്ക്രാച്ച് , മൊബൈൽ ആപ്പ് നിർമ്മാണം, ഹാർഡ്‌വെയർ പരിശീലനം

എന്നിങ്ങനെ വിവിധ മേഖലകളിൽ യൂണിറ്റ് തല പരിശീലനം നടത്തി വരുന്നു. സ്കൂൾ ക്യാമറകൾ നല്ല രീതിയിൽ തന്നെ യൂണിറ്റിലെ കുട്ടികൾ ഉപയോഗിക്കുന്നു. ക്ലാസ് റൂമുകളിലെ പ്രൊജക്ടർ, ഐ.സി.ടി.ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്നതിൽ ആശങ്കയുള്ള അധ്യാപകരെ സഹായിക്കുന്നതിലും ലിറ്റിൽ കൈറ്റ്സ് കുട്ടികൾ പ്രാപ്തരാണ്. മികച്ച പ്രവർത്തനങ്ങളുമായി ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ തുടർന്ന് കൊണ്ടേയിരിക്കുന്നു .

# യൂ.പി. സ്മാർട്ട് അമ്മ പ്രോഗ്രാം 2020









LK  SUB DISTRICT CAMP



# LK Sub District Camp inauguration















LK Sub    District Camp participants and RP’S



## സ്മാർട്ടമ്മ പ്രോഗ്രാമിൽ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ക്ലാസ് എടുക്കുന്നു





# LK  STD 8  PRELIMINARY CAMP







## ചിത്രശലഭങ്ങൾ

ലോകത്തെ ഏറ്റവും മനോഹരവും പരോപകാരപ്രദവും പ്രകൃതിസൗഹൃദപരമായ ജീവിയാണ് ചിത്രശലഭങ്ങൾ. ചിത്രശലഭങ്ങളും തേനീച്ചകളും പ്രകൃതിയിലെ മാറ്റങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്ന പ്രധാന സൂചകങ്ങളാണ്. ഒരു പ്രദേശം എത്രത്തോളം ജീവയോഗമാണെതിനുള്ള സൂചനകളാണ് അവിടുത്തെ ജീവജാലകങ്ങളുടെ സാന്നിധ്യവും വൈവിധ്യവും. വർണ്ണഭംഗികൊണ്ട് നമ്മെ എന്നും






അദ്ഭുതപ്പെടുത്തികൊണ്ടിരിക്കുന്നവരാണ് ചിത്രശലഭങ്ങൾ.

### ശലഭനിരീക്ഷണം

ശലഭനിരീക്ഷണമെന്നത് പ്രകൃതിയുടെ വിസ്മയകാഴ്ചകളിലേക്ക് തുറക്കുന്ന ഒരു ജാലകം.ശലഭനിരീക്ഷണ പഠനങ്ങൾ വെറുമൊരു വിനോദം



എന്നതിനപ്പുറം വളർന്ന് ശാസ്ത്ര-സാങ്കേതിക മേഖലകളിലെ പുത്തൻ കണ്ടെത്തലുകൾക്ക് വഴികാട്ടിയാകുന്നു.ഒരു ചിത്രശലഭത്തിന്റെ ജീവിതചക്രത്തിലെ നാലു അവസ്ഥാന്തരങ്ങളെയും നിരീക്ഷിക്കുന്നതിലൂടെയേ ശലഭനിരീക്ഷണം പൂർണ്ണമാവൂ.മുട്ടയിൽ നിന്ന് പുഴുവായി.പിന്നെ പ്യൂപ്പയായി.പ്യൂപ്പയിൽ നിന്ന് പൂർണ്ണ വളർച്ചയെത്തിയ പൂമ്പാറ്റയായി മാറുന്നതുവരെയുള്ള വിവിധ ഘട്ടങ്ങൾ. സ്കൂളിൽ ഒരുക്കിയിരിക്കുന്ന ഉദ്യാനത്തിൽ വിവിധയിനം പൂമ്പാറ്റകൾ എത്താറുണ്ട്.ചിത്രശലഭങ്ങൾ പൊതുവെ പകൽ പറക്കുന്നവയാണ്.വിശ്രമിക്കുമ്പോൾ ചിത്രശലഭങ്ങൾ മിക്കവാറും ചിറകു മടക്കിയാണ് ഇരിക്കാറുള്ളത്.ചിത്രശലഭങ്ങളിൽ ദേശാടകരുണ്ട്.മഴയൊന്നുമാറി,നന്നായി വെയിൽ തെളിയുന്ന ദിവസങ്ങളിൽ വളരെയധികം ഊർജ്ജസ്വലരായി ശലഭങ്ങൾ പറന്നു നടക്കുന്നത് കാണാം. പ്രഭാതത്തിൽ,സൂര്യരശ്മികൾ പതിച്ചു തുടങ്ങുമ്പോൾ,വെയിൽകായുന്ന ചിത്രശലഭങ്ങളെ നമുക്ക് അടുത്ത് നിരീക്ഷിക്കാനാകും.രാവിലെ പൂക്കളിൽ നിന്ന് തേൻ നുകരാനെത്തുന്ന ശലഭങ്ങളെ നിരീക്ഷിക്കുന്നതും ചിത്രമെടുക്കുന്നതും താരതമ്യേന എളുപ്പമാണ്.

ഇരുള്ളൻ കരിയില ശലഭം,ചൊട്ടശലഭം, നീലക്കടുവ,ചോക്ലേറ്റ് ശലഭം,അരളി ശലഭം,വരയൻകടുവ, കുഞ്ഞിപാപ്പാത്തി,ചേ ◌ാലവിലാസിനി തുടങ്ങിയ ശലഭങ്ങൾ



സ്കൂളിൽ എത്താറുണ്ടെന്ന് ലിറ്റിൽ കൈറ്റ് അംഗങ്ങളും

ബയോഡൈവേഴ്സിറ്റി ക്ലബ് അംഗങ്ങളും ചേർന്ന് നടത്തിയ നിരീക്ഷണത്തിൽ കണ്ടെത്തി.



പ്രകൃതിയിലെ പരസ്പരാശ്രിതത്വത്തിന്റെ ഉത്തമ ഉദാഹരണങ്ങളാണ് സസ്യങ്ങളും ചിത്രശലഭങ്ങളും.അവയെ ആഹരിക്കുന്ന മറ്റു ജീവികളുമൊക്കെ തമ്മിലുള്ള ബന്ധം ഈ ഭൂമിയിലുമുള്ള ഓരോ ചെറുജീവിയ്ക്കും പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ തങ്ങളുടേതായ പങ്ക വഹിക്കാനുണ്ട്.പ്രകൃതിയോട് കൂടുതൽ അടുക്കുവാനും ആ പാരസ്പര്യത്തിൽ ജീവിക്കുവാനും പ്രേരകമാകുന്ന ഒരു പ്രവൃത്തിയായി ശലഭനിരീക്ഷണം മാറട്ടെ എന്നു ആശംസിക്കുന്നു



# ജൈവവൈവിധ്യ ഉദ്യാനം








# SCHOOL GARDEN















ജൈവവൈവിധ്യ ഉദ്യാനം

# <u>*Teacher's Day celebration*</u>



# <u>Merit Evening 2019</u>



# യൂ പി സ്റ്റാർട്ട് അമ്മ പ്രോഗ്രാം



# *School Sports Day 2019*



## *School Assembly*



# CHILDREN’S DAY CELEBRATIONS



# *Annual day celebrations*














# ആർട്ടിഫിഷ്യൽ ഇന്റലിജൻസും മെഷീൻ ലേണിംഗും






അമേരിക്കക്കാരനായ കമ്പ്യൂട്ടർ ഗെയിം നിർമാതാവും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിദഗ്ധനുമായ ആർതർ സാമുവൽ ആണ് ഈ പേരിന്റെ ഉപജ്ഞാതാവ്. കമ്പ്യൂട്ടറുകളെ, നേരിട്ടുള്ള നിർദ്ദേശങ്ങൾ വഴിയല്ലാതെ, ഉദാഹരണങ്ങൾ മാത്രം ഉപയോഗിച്ച് പരിശീലിപ്പിക്കുകയും അത് വഴി തീരുമാനങ്ങളിലെത്താൻ പ്രാപ്തിയാക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ഇമെയിൽ സന്ദേശങ്ങളിൽ നിന്ന് പാഴ്മെയിലുകളെയും അല്ലാത്തവയെയും തിരിച്ചറിയാൻ യന്ത്രപഠന സമ്പ്രദായത്തെ പരിശീലിപ്പിക്കുകയാണെങ്കിൽ, പുതുതായി വരുന്ന മെയിൽ സന്ദേശങ്ങളെ പാഴ്മെയിലാണോയെന്ന് പരിശോധിച്ച് തരംതിരിക്കാൻ ഇതിലൂടെ സാധിക്കുന്നു. സാമാന്യവത്കരണത്തെയും പ്രതിപാദനത്തെയും അടിസ്ഥാനമാക്കിയാണ് യന്ത്രപഠന വ്യവസ്ഥിതിയുടെ കാമ്പ് നിലനിൽക്കുന്നത്. ദത്തവിവര മാതൃകാ ചിത്രീകരണവും ഈ മാതൃകകളിൽ നിന്നും വിലയിരുത്തപ്പെട്ട പ്രവൃത്തികളും എല്ലാ യന്ത്രപഠന വ്യവസ്ഥിതികളുടെയും ഭാഗമാണ്.

പ്രത്യേകമായി പ്രോഗ്രാം ചെയ്യാതെ തന്നെ ടാസ്കുകൾ നിർവഹിക്കാൻ സോഫ്റ്റ് വെയറിനെ പ്രാപ്തമാക്കുന്ന എന്നതാണ് AI യുടെ പ്രത്യേകത. AI യുടെ ഒരു ആപ്ലിക്കേഷനായ ML, അൽഗരിതം ഉപയോഗിച്ച് ഡേറ്റ ആക്സസ് ചെയ്യുന്നതിനും ടാസ്കുകൾ നിർവഹിക്കുന്നതിനും മെഷീനെ പ്രാപ്തമാക്കുന്നു. സ്ഥിതിവിവര കണക്കുകൾ കണ്ടെത്താനും സിസ്റ്റത്തെ ചില ബാഹ്യ മനുഷ്യ പ്രോഗ്രാമിംഗ് ഇടപെടലുകില്ലാതെ അപാകതകൾ പരിഹരിക്കാനും അനുവദിക്കുന്നു.

AI, ML ആശയങ്ങൾ പതിറ്റാണ്ടുകൾക്കു മുമ്പുമുതലേ നിലവിലുള്ളതാണെങ്കിലും അടുത്തിടെ മാത്രമാണ് വലിയ അളവിലുള്ള ഡേറ്റ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ ഗവേഷണങ്ങൾ ആരംഭിച്ചത്. കംപ്യൂട്ടറിനു നൽകുന്ന വലിയ അളവിലുള്ള ഡേറ്റാ ശേഖരം വിലയിരുത്താനും അപഗ്രഥിക്കാനും കണ്ടെത്തലുകൾ നടത്താനും ഇതിലൂടെ കഴിയും. അതിൽ നിന്ന് കംപ്യൂട്ടർ സ്വയം തീരുമാനങ്ങളെടുക്കും. മനുഷ്യന്റെ കണ്ണിൽപെടാത്ത വിവരങ്ങൾ പോലും കൃത്യതയോടെ കംപ്യൂട്ടർ മനസ്സിലാക്കുമെന്നതാണു മെച്ചം. വൈദ്യശാസ്ത്ര രംഗം, മറ്റീരിയൽ

സയൻസ്, എയറോസ്പേസ്, സ്റ്റോക് മാർക്കറ്റ് ഉൾപ്പെടെയുള്ള മേഖലകളിൽ നിർമിത ബുദ്ധി വലിയ സ്വാധീനമുണ്ടാക്കും.

ഇന്ത്യയും AI, ML എന്നിവയുടെ ശക്തി തിരിച്ചറിഞ്ഞിട്ടുണ്ട്. നിരവധി എ.ടി കമ്പനികൾ പുതിയതൊഴിലവസരങ്ങളായി AI, ML എന്നിവയെ കാണുന്നു. നിലവിലുള്ള ഡേറ്റയിലേക്ക് ക്ലൗഡ് കംപ്യൂട്ടിംഗ് പവറും ഇന്റലിജൻസും നൽകിക്കൊണ്ട് തീരുമാനങ്ങളെടുക്കുന്നതിൽ എം. എൽ സ്വാധീനം സൃഷ്ടിച്ചിട്ടുണ്ട്. ഇന്ത്യയിലെ 88 ഷത്തിനുള്ളിൽ AI അനുബന്ധ സാങ്കേതിക വിദ്യകളിൽ വിപുലമായ നിക്ഷേപം നടത്തുമെന്ന് പ്രതീക്ഷിക്കുന്നു.



## ലോക വാർത്താവിനിമയ വിവരസമൂഹദിനം-മേയ് 17

ഇൻറർനെറ്റ് ഇല്ലാതെ എങ്ങനെ ജീവിക്കും! ഇതാണ് ഡ്രോണുകളുടെയും നെറ്റ് ബാങ്കിംഗിന്റെയും എ.ഐയുടെയും കാലഘട്ടത്തിൽ ജീവിക്കുന്ന ഇന്നത്തെ തലമുറയുടെ ചോദ്യം. അതെ വിവരവിസ്ഫോടനം ലോകത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തിയിരിക്കുന്നു. വിവരശേഖരണ-വിനിമയവിദ്യ വശമാക്കാതെ ആർക്കും ജീവിക്കാനാകാത്ത നിലയായിരിക്കുന്നു. എന്നാൽ ലോകം വിവരവിനിമയവിദ്യയുടെ ചിറകിലേറി മുന്നോട്ട് പറക്കുമ്പോൾ അതേപ്പറ്റി അറിവില്ലാതെ ഇരുട്ടിൽ കഴിയുന്ന വലിയ ഒരു ജനവിഭാഗവും ലോകത്തുണ്ട്. അങ്ങനെയുള്ള സമൂഹത്തിലേക്കും കമ്പ്യൂട്ടർസാക്ഷരതയും വിവരസാങ്കേതിക വിദ്യാവിജ്ഞാനവും എത്തിക്കേണ്ടതുണ്ട്. ഇതേപ്പറ്റിയെല്ലാമുള്ള അവബോധം വളർത്താനാണ് മേയ് 17 ലോക വാർത്താവിനിമയ വിവരസമൂഹദിനമായി ആചരിച്ചുവരുന്നത്. ഇന്ന് ലോകഗതിയെ നിയന്ത്രിക്കുന്ന അറിവ് വിവരസാങ്കേതിക വിദ്യയായതിനാൽ അതിൽ അവഗാഹം നേടുന്ന സമൂഹത്തിനേ ലോകസാരഥികളാകാൻ കഴിയൂ.

AJEESH ROBERT
STD 9 E

## ചരിത്രം കുറിച്ച

## ചന്ദ്രയാൻ 2



ഇന്ത്യൻ ബഹിരാകാശ ഗവേഷണ രംഗത്തു ചരിത്രം കുറിച്ചാണ ചാന്ദ്ര രഹസ്യങ്ങൾ തേടി 2019 ജൂലൈ 22 ന് ചന്ദ്രയാൻ 2 കുതിച്ചുയർന്നത് ചന്ദ്രനെ ചുറ്റിസഞ്ചരിക്കുന്ന ഓർബിറ്റർ,ചന്ദ്രോപരിതലത്തിൽ ഇറങ്ങി സഞ്ചരിക്കുന്ന പ്രഗ്യാൻ എന്ന റോബട്ടിക് റോവർ ഈ റോവറിനെ ചന്ദ്രനിൽ ഇറക്കാനുള്ള വിക്രം എന്ന ലാൻഡർ എന്നിവയുൾപ്പെട്ടതായിരുന്ന ദൗത്യം. ദൗത്യത്തിന്റെ അവസാനഘട്ടത്തിൽ വിക്രം ലാനഡറിന്റ സഞ്ചാരപാതയിൽ വ്യതിയാനമുണ്ടായി മുൻ നിശ്ചയിച്ച സ്ഥലത്തുനിന്നും അൽപ്പം മാറി ഇടിച്ചിറങ്ങിയെങ്കിലും ഓർബിറ്റർ ഇപോഴ ചന്ദ്രനെ ചുറ്റി വിവരങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു.

BY
GEORGE P.J
IX A

# പ്രപഞ്ചത്തിലെ ആദ്യ തന്മാത്ര






പ്രപഞ്ചത്തിലെ ആദ്യ തന്മാത്ര എന്നു വിശേഷിപ്പിക്കപ്പെടുന്ന ഹീലിയം ഹൈഡ്രൈഡിനെ കണ്ടെത്തിയത് ***2019*** ലെ വിസ്മയമായി നാസയുടെ സോഫിയ എന്ന പറക്കും ഒബ്സർവേറ്ററിയാണ് ഭൂമിയിൽ നിന്നു ***3000*** പ്രകശവർഷം അകലെ സിഗ്നസ് നക്ഷത്രക്കൂട്ടത്തിനു സമീപമുള്ള എൻജിസി ***7027*** എന്ന പ്ലാനറ്ററി നെബുലയിൽ അല്പതയേറിയ ഈ തന്മാത്ര രൂപം കൊണ്ടതെന്ന് കരുതപ്പെടുന്നു പ്രപ ഞ്ച രസതന്ത്രത്തിലേക്കു വെളിച്ചം വീശുന്ന നേട്ടമാണിത്**.**

***BY***
***George p.j***
***IX A***

# മൊബൈൽ ഇൻറർനെറ്റ് എങ്ങനെ പ്രവർത്തിക്കുന്നു?

മൊബൈൽ ഫോണിൽ കൂട്ടുകാർ ഇൻറർനെറ്റ് എടുക്കാറില്ലേ... നമ്മൾ ഫേയ്സ്ബുക്കിൽ കയറും ,ചിത്രങ്ങൾ ഡൗൺലോഡ് ചെയ്യും , പാട്ടും കേൾക്കും... ഇതിനെയെല്ലാം പറയുന്ന പേര് ഡേറ്റ എന്നാണ് ,എംബി, ജിബി തുടങ്ങിയ കണക്കുകളിലാണ് ഡേറ്റ രേഖപ്പെടുത്തുന്നത് . എങ്ങനെയാണ് ഡേറ്റ് നമ്മുടെ മൊബൈലിൽ എത്തുന്നത്...




സെൽഫോൺ ടവറുകളിൽ നിന്നു പാക്കറ്റുകളായാണ് ഡേറ്റ നമ്മുടെ മൊബൈൽ ഫോണുകളിൽ എത്തുന്നത് പോസ്റ്റ് ഓഫീസിൽ നിന്നു കത്തുകൾ വരുന്നത് പോലെ....കത്തുകൊണ്ടു വരുന്ന പോസ്റ്റ്മാൻെറ

ജോലിയാണ് റേഡിയോതരംഗങ്ങൾ

നിർവഹിക്കുന്നത്.





ഡേറ്റയെ-
മോഡുലേഷൻ എന്ന
പ്രക്രിയ
വഴിറേഡിയോതരം
ഗങ്ങളിൽ കയറ്റി

വിടും. തരംഗങ്ങൾ ഇതു ഫോണുകളിൽ

എത്തിക്കുകയും ഫോണുകളിലെ മോഡം ഡേറ്റയെ

വേർതിരിച്ചെടുക്കുകയും ചെയ്യും...




by

SUNDARA SIVA SREERAG

IX A

# Riddles



1. What has neck but no head?
   Bottle

2. Which is the table that we can eat?
   Vegetable

3. What falls but never gets hurt?
   Rain

4. The study of nation?
   Examination

5. Who is a driver without license?
   Screw Driver

6. What has teeth but no mouth?
   Comb

7. What goes up when rain comes down?
   Umbrella

8. It is our but others use it more than you?
   Ourname

9. Which is the biggest city?
   Electricity

10. The Alphabet we can drink?
    Tea


UDAYAN. J
STD 9 A

# ***The moon***

*Though the cedar leaves*
*I saw a glow*
*It was the milky moon*
*looking and smile at me.*
*How beautiful a white glittering sphere*
*in the middle of the stars*
*He is the child of blue sky*
*playing with his friends stars*
*in the manner of an infant*
*lovely and pretty look for moon.*
*I felt to go to the sky*
*and kiss him*
*But how can I?*
*I can't go to the sky*
*If I get a chance*
*to play with him*
*I'll surely go near him*


*BY*
*Adithyan.s*
*X A*

# *FAMOUS FATHER*



*Father of History-Herodotus.*
*Father of Philosophy-Socrates.*
*Father of Surgery-Susrita.*
*Father of Atom Bomb-Otto Hahn.*
*Father of Mathematics-Pythagorus.*
*Father of Printing-Gutten Burg.*
*Father of Economics-Adam Smith.*
*Father of Biology-Aristotle.*
*Father of Medicine-Hippocrates.*
*Father of Gemetics-Gregor Mendel.*
*Father of Modern Computer-Charles - Babbage.*
*Father of Cloning-I am Wilmut.*
*Father of English Poetry-Geoffrey Chaucer.*

*SREEHARI MG*







# Any woman -

# Katharine Tynan

I am the pillar of the house
The keystone of the art I am
Take me away and the roof
and wall
Would fall to ruin me utterly.
I am the fire upon the hearth
I am thelight of the good Sun.
I am the heat

that warms the Earth. Which
else
were colder than a stone.
At me the Children warm
their hands
I am their light of love alive
Without me cold the
hearth stone stands
Nor could the precious
children thrive and grow.

By. Muhammed Asif

# MY LOVING FAMILY



*I have a loving father*
*A great loving father*
*He is very kind to me*
*I love my father very much*
*I have a sweet mother*
*A very beautiful mother*
*She gives me good food*
*I love my mother very much*
*I have a loving sister*
*She takes me on a ride*
*I love her very much*
*What a sweet family,I have*
*A very sweet family*
*I never make them sad*
*And I love them very much*

*BY*

*GEORGE P.J*

*IX A*

# *A Soul Mate In A Stranger*

Before I was a loner
Always brooding in my own shelter
Thought love would never stop by ever
As I could not find that special lover.

Then I met you one summer
For hours we sat and talked to each other.
Like old friends we were ,I remember
Funny that I could find a soul mate in a stranger.

I know then I have found the perfet partner
Someone I would have and cherish forever
Now my love has only grown deeper
And life with you has never been sweeter.

Ahsan.N
9:A

# *TEACHER*



Teachers are our “Gurus” because they not only teach us lessons but also teach us moral values to lead a good life.

We love and respect our teachers because they are very kind to us and help us to Solve many problemes both our lessons and in our life.

Without guidence, our life will not be shaped, and cannot attain good position.Hence teachers “Gurus” are placed next to parents and above God.

AL-AMEEN.S
9:C





# ഓപ്പൺ സ്ട്രീറ്റ്മാപ്പ്



ഇന്നത്തെ ഭൂപടവിന്യാസം ഒത്തിരിയൊത്തിരി വളർന്ന് ഡിജിറ്റൽവൽക്കരണത്തിൽ പരമാവധിയെത്തി നിൽക്കുകയാണ് അതികായന്മാരായ ഗൂഗിൾ മാപ്പ് കൂടാതെ യാഹൂ ബിങ് നോക്കിയ ഒവിഐ എന്നി വർക്കും ഓൺ-ലൈൻ മാപ്പിങ് മേഖലയിൽ തങ്ങളുടെതായ സ്ഥാനമുണ്ട് രണ്ടായിരാമാണ്ടിനുശേഷം കടന്നുവന്ന ഓപ്പൺ സ്ട്രീറ്റ്മാപ്പ് ഇവയിൽ നിന്നെക്കെ വ്യത്യസ്തത പുലർത്തുന്നു

**BY**

**Amal dev j**

**IX B**

# ജീവനുള്ള കിനാവുകൾ



ഉറക്കത്തിലുണ്ടായിരുന്ന കിനാവുകൾ
ഉയരങ്ങൾ തേടാൻ കൊതിക്കവെ
ഉള്ളിലൊരു മോഹത്തീമഴ പെയ്യവേ
ഉണർവിൻെറ ആലയിലുരുകി തെളിഞ്ഞും
ഉലകിലെൻേറതെന്ന്
ഉറവകൾ വറ്റാത്ത മനുഷ്യസനേഹം പകർന്നും
ഉരുകിഞാൻ സ്വയം തീരാൻ കൊതിച്ചും
ഉദ ന ഭംഗിതൻ പൂവായ് പിറന്നും
ഉൽസവ മേളത്തിൻ രുചിയായ് നുന്നഞ്ഞ്യം
ഊഞ്ഞാലിലാടിട്ടും ചിങ്ങപുലരിയായ...

അതിരില്ല, അളവിലെൻ കിനാവുകൾക്ക്
നാളെ ഉറവവറ്റാത്തൊരുണർവിൻെറ
ഉയരങ്ങൾ തീർക്കാൻ..!

*SREEHARI MG*
*9:A*

# എൻെറ ഗുരുനാഥൻ



എൻെറ ഗുരുവേ ഗുരുവേ...
താങ്കൾ ഒരു സൂര്യനെപോലെ...

വിദ്യഭാസം പകർന്നീടുന്നു,
അച്ചടക്കം പകർന്നീടുന്നു.

കഥ എന്നൊരു അച്ഛനെപോലെ,
കവിത എന്നൊരു അമ്മയെപോലെ.

ആകാശത്ത് പാറിപറക്കുന്ന ഗരുഡനെപോലെ,
വിദ്യാഭാസത്തിൻെറ പാതയിൽ ഞങ്ങളെ -
നയിച്ചീടുന്നു.

കണ്ണുണ്ടെങ്കിലെ ജീവിതമുള്ളു...
സാറുണ്ടെങ്കിലെ ഞങ്ങളുള്ളു...

Sundara Siva Sreerag
9:A

# കണ്ണീർ മഴ

ഭൂമിതൻ വേദന കണ്ടു നിന്നൊരു വാനം
പെട്ടന്നനെ കണ്ണീർ തൂകാൻ തുടങ്ങി.
കണ്ണീർ ഒരു പ്രളയമായി മാറിയതറഞ്ഞു
മനുഷ്യർ ആശ്രയം തേടി അലഞ്ഞുതുടങ്ങി.
മഴവീണ പുഴയെല്ലാം മാനുഷ്യരോട് ചൊല്ലി
ഞാനൊഴുകും വഴിയെല്ലാം നീ തടഞ്ഞില്ലേ
ഇനി നീ നടക്കും പാതയിലൂടെ
വിഹരിക്കട്ടെ .
മഴതൽ സ്പർശം അറിഞ്ഞ
മങ്ങിയ വയലെല്ലാം
മർത്യനോടായി വിളിച്ചോതി
എന്നെ കൊന്ന നിനക്ക് കൂട്ടായി ഞാനില്ല .
വമ്പിനാൽ മനുഷ്യൻ നീർത്ത പലതും
മഴയാം കണ്ണീരിൽ അലിഞ്ഞു പോയി
അപ്പോഴും തീർന്നില്ല മഴയാം കണ്ണീരും
ഭൂമിതൻ വിങ്ങലും .
നന്മ അവസാനിച്ചിട്ടില്ല എന്നോതി കൊണ്ട്
കടലിന്റെ മക്കൾ വന്നു ചേർന്നു
ദൈവത്തിൻ കരങ്ങളാൽ ഉയർത്തെഴുന്നേൽക്കപ്പെട്ടവരോ
ഒരു കുരയിൽ ഒന്നായി ഒത്തു കൂടി

Manosh.M
IX A

# അച്ചടക്കം




ഒരു വിദ്യാർത്ഥിക്ക് മുഖ്യമായും ഉണ്ടാകേണ്ട ഗുണമാണ് അച്ചടക്കം. അച്ചടക്കമില്ലാത്ത ഒരു കുട്ടിക്ക് ജീവിതത്തിൽ ഉയരാനാവില്ല. അച്ചടക്കം നഷ്ടപ്പെട്ട അന്തരീക്ഷത്തിൽ നല്ല വിദ്യാഭ്യാസവും ഉണ്ടാകില്ല അച്ചടക്കമുള്ള ഭാവിക്കും വർത്തമാനത്തിനും ഒരു പോലെ ഗുണകരമായിത്തീരും.

വിദ്യാർത്ഥികളിലെ അച്ചടക്കരാഹിത്യത്തിന് പലകാരണങ്ങൾ ഉണ്ട്. ലക്ഷ്യബോധമില്ലായ്മ, അനാദരവ്,അഹങ്കാരം,അജ്ഞത എന്നിവ അവയിൽ ചിലതാണ്. ധർമ്മബോധവും നീതിബോധവും വീടുകളിൽ നിന്നും തന്നെ തുടങ്ങിയാലെ സമൂഹത്തിലും അച്ചടക്കം ഉണ്ടാകൂ. വിദ്യാഭ്യാസത്തിൻെറ ലക്ഷ്യങ്ങളിലൊന്നാണ് അച്ചടക്കം.അത് വ്യക്തിയിൽ തുടങ്ങി ഭരണതലം വരെ വ്യാപിച്ചുകിടക്കുന്നു. വിദ്യാഭ്യാസത്തിലൂടെ അച്ചടക്കം പഠിക്കാനും ശീലിക്കാനും നാം ശ്രമിക്കണം.

SREERAG
9A

# Forests










## IMPORTANCE OF FORESTS

*Don’t destroy the greenery and spoil the scenery

*Save the trees,Save the earth.

*A plant a day keeps the flood away.

*Save trees,Save shelter of animals.


*Save forests,a key to clean and green environment.

*Go Green,keep clean!

# ART GALLERY



കേരളപിറവിദിനാഘോഷം



AMALDEV
STD : IX B




Art by
Sajid


sajid 8d



# OVERALL CHAMPIONSHIP IN SUBDISTRICT GANITHA SASTHRAMELA




* ഉടമയുടെ കണ്ണ് ഒന്നാംതരം വളം .

* കതിരിൽ വളം വച്ചിട്ടു കാര്യമില്ല .

* അടയ്ക്കയായാൽ മടിയിൽ വയ്ക്കാം

അടയ്ക്കമരമായാലോ .

* അടുത്തുനട്ടാൽ അഴക്,അകലത്തിൽ

നട്ടാൽ വിളവ് .

* അമരത്തുനട്ടാൽ തവള കരയണം .

* ആരിയൻ  വിതച്ചാ നവര കൊയ്യാമോ .

* ആഴത്തിൽ ഉഴുത് അകലത്തിൽ നടണം

* ഇല്ലം നിറ പെട്ടി നിറ പത്തായംനിറ .

* ഉരിയരിക്കാരന് എന്നും ഉരിയരി തന്നെ

* ഉഴവിൽ തന്നെ കള തീർക്കണം .



* എളിയവരും ഏത്തവാഴയും ചവിട്ടുതോറും തഴയ്ക്കും.

* എള്ളിന് ഉഴവ് ഏഴരച്ചാൽ .

* എള്ളിന് ഉഴവ് ഏഴരച്ചാൽ എള്ളുണങ്ങുന്ന കണ്ട് നെല്ലുണങ്ങണോ .

* ഒക്കത്തു വിത്തുണ്ടെങ്കിൽ തക്കത്തിൽ കൃഷിയിറക്കാം .

* ഒരു വിള വിതച്ചാൽ പല വിത്തു വിളയില്ല .

* കണ്ണീരിൽ വിളഞ്ഞ വിദ്യയും വെണ്ണീരിൽ വിളഞ്ഞ നെല്ലും .



* കണ്ടം വിറ്റ കാളയെ വാങ്ങുമോ .
* കന്നിയിൽ കരുതല പിടയും .
* കണ്ണൻ വാഴയുടെ ചുവട്ടിൽ പൂവൻ വാഴ കിളിർക്കുമോ .
* കന്നില്ലാത്തവന് കണ്ണില്ല .
* കർക്കിടകത്തിൽ പത്തില കഴിക്കണം .
* കർക്കിട ഞാറ്റിൽ പട്ടിണി കിടന്നതു പുത്തരി

തയ്യാറാക്കിയത്

സൂരജ് എം.എസ്.(std.IX:C)





**Excellant performance in work experience exhibition**

# The Needle Tree

Aravind. S
10 I

There were once two brothers who lived at the edge of a forest. The elder brother was very mean to his younger brother and ate up all the food and took all his good clothes. One day the elder brother went into the forest to find some firewood to sell in the market. As he went around chopping the branches tree after tree, he came upon a magical tree. The tree said to him; oh kind sir, please do not cut my branches. If you spare me, I will give you my golden apples. The elder brother agreed but was disappointed with the number apples the tree gave him. Greed overcome him, and he threatened to cut the entire trunk if the trea didnot give him more apples. The magical tree instead showered upon the older brother hundreds and hundreds of sharp needles. The elder brother lay on the ground crying in pains. As the sun began to lower down the horizon, the younger brother grew worried and went in search of his elder brother. He found him with hundreds of needles on his skin. He rushed to his brother and removed each needle with painstaking love. After he finished, the elder borther apologised for treating him badly and promised to be better. The tree saw the change in the elder brother's gave them golden apples as much as they wanted.

# TEACHER;A SCULPTOR

A teacher is, otherwise, a friend,philosopher and a guide. True teachers play a vital role in the lives of children. In a day,a child spends nearly eight hour's with his teachers. These are the most productive hours of the child's day.Hence it is a obvious that a child moulded into a proper, cultured human by the time he leaves the school. Thanks to the teacher. Objective again,based on the situation.

When Would it be wrong if we add one more tittle to a teacher a sculptor. A teacher is so balanced that the teacher becomes objective to his student when the situation demands and the same teacher turn. Objective again,based on the situation.

When completed duply, each and every child a step forward to face further endeavours. It's time we respect such self less, sincire dedicated souls.

Let's all join together to salute our TEACHERS,

though they observe more than that.

**NAME: ANOOP.A**

**CLASS:XI A**

s

# QUOTES

“The highest result  of education is tolerance”
Hellen Keller

“United we stand,divided we fall”
Aesop

“Do unto others as you would have them do unto you”
The Bible

“Do not be wise in your own eyes;fear the Lord and depart from evil”-proverbs 3:7

The tongue of the wise commends knowledge, but the mouth of the fool gushes folly.

A happy heart  makes the face cheerful.but heartache crushes the spirit-proverbs 15:2,13




**LITTLE KITES 2019-21 BATCH**



**JOHANN**
**STD IX B**

# നന്ദി..........

ഡിജിറ്റൽ മാസിക പൂർത്തീകരിക്കാൻ സഹായിച്ച ലീമ ടീച്ചറിനോടും എമിൽഡ ടീച്ചറിനോടും ,ഷൈൻ സാറിനോടും  എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങളോടും തീർത്താൽ തീരാത്ത നന്ദിയുണ്ട്.എല്ലാത്തിനുമുപരി ഈ ഉദ്യമം അതിൻെറ പരിപൂർണ്ണതയിൽ എത്തിക്കാൻ സഹായിച്ച സർവ്വശക്തനായ ദൈവത്തിന് ഒരായിരം നന്ദി.

സ്നേഹപൂർവ്വം

എഡിറ്റർ